# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2403** **09.12.2014-ലെ മറുപടിക്ക്**

## നികുതി കുടിശ്ശിക

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പുതുതായി ഏർപ്പെടുത്തിയ പുതിയ നികുതി നിർദ്ദേശങ്ങൾ ഏതെല്ലാം ; | നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | നടപ്പു സാമ്പത്തിക വർഷം പിരിച്ചെടുത്ത നികുതി കുടിശ്ശിക എത്രയാണെന്നും ഇനി പിരിച്ചെടുക്കാനുള്ളത് എത്രയാണെന്നും അറിയിക്കുമോ ; | കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31.03.2013 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആകെ 12243.86 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. ഇതിൽ, വകുപ്പുതല കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 182.65 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 31.10.2014 വരെ 61.067 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കേണ്ടിയിരുന്നതുൾപ്പെടെ നിലവിലെ കണക്കുകൾ പ്രകാരമുള്ള നികുതി കുടിശ്ശിക 12739.48 കോടി രൂപയാണ്. |

<table>
<tr><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയുടെ നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ട് ;</td><td>ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ ഏകദേശം 308 കോടി രൂപയ്ക്ക് നികുതി വകുപ്പിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>ഏതെല്ലാം വകുപ്പുകളിൽ നിന്നും എത്ര നികുതി വീതം കുടിശ്ശിക യായി പിരിഞ്ഞു കിട്ടാനുണ്ടെന്നു വ്യക്തമാക്കുമോ ?</td><td>
<table>
<tr><th>വകുപ്പ്</th><th>കുടിശ്ശിക<br>(തുക കോടിയിൽ)</th></tr>
<tr><td>വാണിജ്യ നികുതി വകുപ്പ്</td><td>6678.25</td></tr>
<tr><td>വനം വന്യജീവി വകുപ്പ്</td><td>249.69</td></tr>
<tr><td>ലോക്കൽ ഫണ്ട് ഓഡിറ്റ്</td><td>20.52</td></tr>
<tr><td>സ്റ്റേഷനറി</td><td>10.60</td></tr>
<tr><td>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്</td><td>5556.79</td></tr>
<tr><td>എക്സൈസ്</td><td>223.24</td></tr>
<tr><td>മൈനിംഗ് & ജിയോളജി</td><td>0.39</td></tr>
<tr><td>ആകെ</td><td>12739.48</td></tr>
</table>
</td></tr>
</table>

**സെക്ഷൻ ഓഫീസർ**